# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം അഞ്ചാം ഞായർ

ലൂക്കാ 16,19-31

> "ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങൾ അനുഭവിച്ച ധനവാന് കഷ്ടതകൾ സഹിച്ചിരുന്ന ലാസറിനെ കാണാനുള്ള കാഴ്ച നഷ്ടപ്പെട്ടിരുന്നു. എന്നാൽ, ധനവാന്റെ ജീവിതം സഹനങ്ങളിലൂടെ യാത്ര ചെയ്യാൻ ആരംഭിച്ചപ്പോൾ ആദ്യമായ് അയ്യാൾ ലാസറിനെ കണ്ടു. ചുരുക്കത്തിൽ, സഹനങ്ങൾ മനുഷ്യനെ മനുഷ്യനാക്കുന്നു!"

ധനവാൻ
ശിക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ
ഉറപ്പാണ്,
തെറ്റ് ചെയ്യാത്തവരും
ശിക്ഷിക്കപ്പെടാം.
കാരണം,
ഉപേക്ഷയാലും
പാപം ഒളിഞ്ഞിരുപ്പുണ്ട്!

വിശുദ്ധാത്മാക്കൾ മർത്ത്യകുലത്തിന് സമ്മാനിച്ച വലിയ ബോദ്ധ്യം ഏതാണ് എന്ന് ചോദിച്ചാൽ ഞാൻ പറയും; "സഹനങ്ങൾ മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കും" എന്നതാണെന്ന് ഞാൻ പറയും. സഹനങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. കണ്ണുനീരുകളിലൂടെ യാത്ര ചെയ്തവന് കണ്ണുനീരിന്റെ ഉപ്പിന്റെ കാഠിന്യം തിരിച്ചറിയാൻ സാധിക്കും. അത് സ്വന്തമായാലും സഹോദരങ്ങളുടെ ആയാലും. ചുരുക്കത്തിൽ, കുരിശിന്റെ വഴികളിലൂടെ യാത്ര ചെയ്തവന് സഹനങ്ങളുടെ സങ്കടങ്ങളുടെ കണ്ണുനീരിന്റെ നൊമ്പരങ്ങൾ തിരിച്ചറിയും. പക്ഷെ, ധനവാൻ ഈ ലോകത്ത് ജീവിച്ചിരുന്നപ്പോൾ കഷ്ടതകൾ എന്തെന്ന് രുചിച്ചിട്ടില്ല.

ധനവാൻ ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും ധരിക്കുകയും എന്നും സുഭിക്ഷമായി ഭക്ഷിക്കുകയും ആന്ദിക്കുകയും ചെയ്തിരുന്നു. അവൻെറ പടിവാതിൽക്കൽ ലാസർ എന്നൊരു ദരിദ്രൻ കിടന്നിരുന്നു. അവൻ സഹനങ്ങളിലൂടെ യാത്ര ചെയ്യുന്നവനായിരുന്നു. ഉടുതുണിക്ക് മറുതുണിയില്ലാത്തവനായിരുന്നു. അവൻെറ ശരീരം വ്രണങ്ങൾകൊണ്ടു നിറഞ്ഞിരുന്നു. അവന്റെ വ്രണങ്ങൾ വൃത്തിയാക്കാനോ മരന്നുകൾ വച്ച് കെട്ടുവാനോ ആരുമുണ്ടായിരുന്നില്ല. നായ്ക്കളാണ് അവന്റെ വ്രണങ്ങൾ നക്കി വൃത്തിയാക്കിയിരുന്നത്. ഭക്ഷിക്കാൻ ആരും ഒന്നും ദരിദ്രനായ ലാസറിന് നൽകിയിരുന്നില്ല. ധനവാൻെറ മേശയിൽനിന്നു വീണിരുന്നവകൊണ്ടു വിശപ്പടക്കാൻ അവൻ ആഗ്രഹിച്ചു. അതും പലപ്പോഴും അവന് ലഭിച്ചില്ല.

അവസാനം ആ ദരിദ്രൻ മരിച്ചു. ദൈവദൂതൻമാർ അവനെ അബ്രാഹത്തിൻെറ മടിയിലേക്കു സംവഹിച്ചു. പിന്നെ, ആ ധനികനും മരിച്ച് അടക്കപ്പെട്ടു. അവൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കണ്ണുകൾ ഉയർത്തി നോക്കി; ദൂരെ അബ്രാഹത്തെയും അവൻെറ മടിയിൽ ലാസറിനെയും കണ്ടു. ചുരുക്കത്തിൽ, ദരിദ്രൻ സ്വർഗ്ഗത്തിലും ധനവാൻ നരകത്തിലും. ദരിദ്രൻ സ്വർഗ്ഗത്തിൽ പോകാൻ പാകത്തിന് എന്തെങ്കിലും നന്മ ചെയ്തതായോ ധനവൻ നരകത്തിൽ പോകാൻ പാകത്തിന് എന്തെങ്കിലും തിന്മ ചെയ്തതായോ വചനം പറയുന്നില്ല. പിന്നെ, എന്തുകൊണ്ടാണ് ദരിദ്രൻ സ്വർഗ്ഗത്തിലും ധനവൻ നരകത്തിലും പോകുവാനുള്ള

കാരണം? ദരിദ്രൻ തന്റെ സങ്കടങ്ങളിലും കണ്ണുനീരുകളിലും ദൈവത്തെ വിടാതെ കൂട്ടുപിടിച്ചു. പക്ഷെ, ധനവൻ തന്റെ സമ്പത്തിലും സന്തോഷത്തിലും ദൈവത്തേയോ സഹോദരങ്ങളെയോ ഓർത്തില്ല എന്നതുതന്നെ.

വചനഭാഗത്തിലൂടെ ക്രിസ്തു ധനവാന്റെയും ലാസറിന്റെയും ഉപമ ചൂണ്ടി കാണിക്കുന്നത് ഉപേക്ഷയാൽ വരുത്തുന്ന പാപത്തെ കുറിച്ചാണ്. വിചാരത്താൽ വചനത്താൽ വാക്കാൽ പ്രവർത്തിയാൽ നാം തിൻമകൾ ചെയ്യാറുണ്ട്. പക്ഷെ, പലപ്പോഴും ഉപേക്ഷയാൽ വരുത്തുന്ന തിന്മകളെ കുറിച്ച് നാം വേണ്ടത്ര തിരിച്ചറിവുള്ളവരല്ല. ഇങ്ങനെയുള്ളവർക്ക് വേണ്ടിയാണ് ക്രിസ്തു ധനവാന്റെയും ലാസറിന്റെയും ഉപമ പറഞ്ഞതെന്ന് ഞാൻ പറയും. വിചാരത്താൽ വചനത്താൽ വാക്കാൽ പ്രവർത്തിയാൽ നാം ചെയ്യുന്ന തിൻമകളെക്കാൾ അധികം ഉപേക്ഷയാൽ ചെയ്തുകൂട്ടുന്നുണ്ട്. നല്ല സമരിയാക്കാരന്റെ ഉപമയിലേയ്ക്ക് (ലൂക്കാ 10, 25-36) ഒന്ന് നോക്കുക.

ജറുസലെമിൽനിന്ന് ജറീക്കോയിലേക്കു പോവുകയായിരുന്ന ഒരുവൻ കവർച്ചക്കാരുടെ കൈയിൽപ്പെട്ടു. അവർ അവൻെറ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത്, അവനെ പ്രഹരിച്ച് അർധപ്രാണനാക്കിയിട്ടു പൊയ്ക്കളഞ്ഞു. ആ വഴി വന്ന പുരോഹിതനും ലേവായനും അവിടെ വന്നപ്പോൾ, അവനെ കണ്ടെങ്കിലും മറുവശത്തുകൂടെ കടന്നുപോയി. എന്നാൽ, ഒരു സമരിയാക്കാരൻ യാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവൻെറ മുറിവുകൾ വച്ചു കെട്ടി, തൻെറ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരൻെറ കൈയിൽ രണ്ടു ദനാറ കൊടുത്തിട്ടു അവന്റെ കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിച്ചു. ഇവിടെ, പുരോഹിതനും ലേവായനും ഉപേക്ഷയാലുള്ള തിന്മ മാത്രമെ ചെയ്തിട്ടൊള്ളു. ഈ തിന്മയെ അതിജീവിക്കാൻ സാധിച്ചിരുന്നെങ്കിൽ നല്ല സമരിയാക്കാരനെപ്പോ പുരോഹിതനും ലേവായനും എണ്ണപ്പെടുമായിരുന്നു. അങ്ങനെയെങ്കിൽ, ഒന്നുറപ്പാണ്; "ഉപേക്ഷയാലുള്ള തിന്മ ഗൗരവം നിറഞ്ഞ തിന്മ തന്നെയാണ്!" അവർക്ക് ദൈവം കൽപ്പിക്കുന്നത് നിത്യനരകം തന്നെയാണ്.

സഹോദരനെ ശ്രദ്ധിക്കാതെ കടന്നുപോകുന്നവൻ നിത്യനരകത്തിലേയ്ക്ക് യാത്ര ചെയ്യുന്നു!

ജീവിതത്തിൽ സങ്കടം വരുമ്പോൾ മാത്രമല്ല; മറിച്ച്, സന്തോഷം വരുമ്പോഴും ദൈവത്തെയും സഹോദരങ്ങളെയും ഓർമ്മിക്കാൻ സാധിക്കണം. ദൈവം ഒരു വ്യക്തിയെ അനുഗ്രഹിക്കുന്നത് അനുഗ്രഹമാകുന്നതിന് വേണ്ടിയാണ്. ആ അനുഗ്രഹം ആ വ്യക്തിയിലൂടെ ഒരു സമൂഹം ഒന്നടങ്കം അനുഗ്രഹിക്കപ്പെടുന്നതിനും വേണ്ടികൂടെയാണ്. എന്നിട്ടും, എന്നെ അനുഗ്രഹിക്കുന്ന ദൈവത്തെയും സഹോദരങ്ങളെയും മറന്ന് ഞാൻ ജീവിച്ചാൽ എന്റെ ഗതി എന്തായിരിക്കും? അതുകൊണ്ടാണ് കുറിച്ച് വയ്ക്കുന്നത്, "ജീവിതത്തിൽ സങ്കടം വരുമ്പോൾ മാത്രമല്ല; മറിച്ച്, സന്തോഷം വരുമ്പോഴും ദൈവത്തെയും സഹോദരങ്ങളെയും ഓർമ്മിക്കാൻ സാധിക്കണം" എന്ന്.

പണി നടന്നുകൊണ്ടിരിക്കു ഒരു കെട്ടിടം. മുകളിൽ നിന്നും സൂപ്പർവൈസർ താഴെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന പണിക്കാരനോട് എന്തോ പറയുവാൻ വേണ്ടി വിളിച്ചു.എന്നാൽ തിരക്കിലും ബഹളത്തിലും പെട്ട് പണിക്കാരന് അത് കേൾക്കാൻ സാധിച്ചില്ല. വിളിച്ച് മതിയായപ്പോൾ സൂപ്പർവൈസർക്ക് ഒരാശയം തോന്നി. അടുത്ത് അതാ ഒരു ചെറിയകല്ല്. അതെടുത്ത് എറിഞ്ഞ് നോക്കിയാലോ?

വേണ്ട... അയാൾക്ക് വേദനിച്ചെങ്കിലോ. വേറൊരു പണിചെയ്യാം....

ഉടനെ അദ്ദേഹം പോക്കറ്റിൽ നിന്നും ഒരു അൻപത് രൂപയുടെ നോട്ടെടുത്ത് താഴേക്ക് ഇട്ടു. പണിക്കാരൻ മുകളിലേക്ക് നോക്കും എന്ന പ്രതീക്ഷയിൽ. രൂപ താഴെ വന്നുവീണു. അൻപത് രൂപ കണ്ട പണിക്കാരൻ ചുറ്റും ഒന്ന് നോക്കി ആരും കാണുന്നില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം അതെടുത്ത് പോക്കറ്റിലിട്ടു. ഇത് കണ്ട സൂപ്പർവൈസർ ഞെട്ടിപ്പോയി. എന്നാൽ ശരി അഞ്ഞൂറ് രൂപ ഇട്ട് നോക്കാം. അഞ്ഞൂറ് രൂപ താഴെ വീഴുത് കണ്ടാൽ എന്തായാലും മുകളിലേക്ക് നോക്കാതിരിക്കില്ല. അങ്ങനെ അദ്ദേഹം അഞ്ഞൂറ് രൂപാ താഴേക്കിട്ടു. എന്നാൽ, സൂപ്പർവൈസർക്ക് വീണ്ടും തെറ്റി. മുകളിലേക്ക് നോക്കിയില്ലെന്ന് മാത്രമല്ല, ആരേയും ചുറ്റും നോക്കാതെ അതെടുത്ത് പോക്കറ്റിലിട്ടു. ഇത് കൊണ്ടൊന്നും യാതൊരു കാര്യവുമില്ലെന്ന് മനസിലാക്കിയ സൂപ്പർവൈസർ ആദ്യം കണ്ട കല്ലെടുത്ത് എറിയാൻ തീരുമാനിച്ചു. കല്ല് ശരീരത്തിൽ വീണതും പണിക്കാരൻ വേദനയോടെ മുകളിലേക്ക് നോക്കി. അതാ അവിടെ തന്റെ സൂപ്പർവൈസർ എന്തോ പറയുന്നു. അൻപത് രൂപയും അഞ്ഞൂറ് രൂപയും എവിടെ നിന്നാണെന്ന് പണിക്കാരന് മനസിലായി...

ഇത് കഥ... ഇനിയൊന്ന് ഈ കഥ ജീവിതത്തിലേയ്ക്കിട്ട് ആലോചിച്ച് നോക്കുക. ഈ പണിക്കാരന്റെ അവസ്ഥയല്ലേ നമ്മളിൽ പലർക്കും? ദൈവം നമ്മെ നേരായ പാതയിലേക്ക് പല രീതിയിൽ മാർഗ്ഗ ദർശനം നല്കി നയിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് ധനമായും, സന്താനങ്ങളായും, വീടായും, കുടുംബമായും, നല്ല ആരോഗ്യമായും, പല അനുഗ്രഹങ്ങളും തന്നുകൊണ്ടേയിരിക്കുന്നു... എന്നാൽ നമ്മളോ, തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയാൻ പോയിട്ട് അത് തന്ന ദൈവത്തെ ഓർക്കാനോ സ്തുതിക്കാനോ സമയമില്ലാതെ ഈ ലോകജീവിതത്തിൽ മുഴുകിയിരിക്കുന്നു. അങ്ങനെയിരിക്കുമ്പോൾ ദൈവത്തിന്റെ ഒരു ചെറിയ പരീക്ഷണം... ഒരു രോഗമായോ... കടമായോ... കുടുംബപ്രശ്നങ്ങളായോ... നമ്മെ വേദനിപ്പിക്കുമ്പോൾ... നമ്മൾ മുകളിലേക്ക് കൈകൾ ഉയർത്തുന്നു. നമ്മുടെ നാഥനായ ദൈവത്തോട് പ്രാർത്ഥിക്കാൻ...

ധനവാന്റെ
പരാജയക്കാരണം
പാവപ്പെട്ടവനോടുള്ള
നിസംഗതയാണ്!
ദൈവം
അനുഗ്രഹിക്കുന്നത്
അനുഗ്രഹമാകുന്നതിന്
വേണ്ടിയാണ്!

ഒരു വേദന വേണോ നമുക്ക് നമ്മുടെ ദൈവത്തെ ഓർക്കാൻ? അവിടുത്തോട് പ്രാർത്ഥിക്കാൻ? ഒരു വിഷമം വേണോ സർവ്വശക്തനായവനോട് ആവലാതികൾ പറയാൻ? നമുക്ക് എപ്പോഴും നമ്മുടെ ദൈവത്തോട് നന്ദിയുള്ളവരായിരിക്കാം... നമ്മുടെ ശരീരം... ആരോഗ്യം... കുടുംബം... കുട്ടികൾ... ജോലി... സമൂഹം... ഇവയെല്ലാം നമ്മുടെ ദൈവത്തിന്റെ അനുഗ്രഹങ്ങളാണ്. ദൈവത്തെയും സഹോദരങ്ങളെയും മറന്ന് ജീവിച്ച ധനവാൻ സ്വന്തമാക്കിയത് നിത്യനരകമാണെന്നത് മറന്ന് പോകരുത്.

***"ദുർമോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു.
പാപം പൂർണ്ണ വളർച്ചപ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു.
എന്റെ പ്രിയസഹോദരരേ, നിങ്ങൾക്കു മാർഗഭ്രംശം സംഭവിക്കരുത്."***

യാക്കോബ് 1,15

---

ഫാ. ജോബി മേനോത്ത്
+91 9447777931